പ്രക്ഷേപണം ചെയ്യുന്നതിന് നടപടി കൈക്കൊണ്ടു. ഇതേ അറിയിപ്പുകൾ കേരളത്തിൽ തെരഞ്ഞെടുത്ത റെയിൽവേ സ്റ്റേഷനുകളിലും പ്രദർശനത്തിനായി നൽകുകയുണ്ടായി. ആയത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ല, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട് എന്നീ റയിൽവേ സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ ആൾ ഇന്ത്യാ റേഡിയോയിലും ഈ സന്ദേശങ്ങൾ പൊതുജന ബോധവൽക്കരണത്തിനായി പ്രക്ഷേപണം ചെയ്യുന്നതിനായി നടപടി കൈക്കൊണ്ടു. കൂടാതെ പമ്പയിലെത്തുന്ന ഭക്തർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി എൻ.എസ്.എസ്. വോളന്റിയർമാരെയും പമ്പാ കുളിക്കടവിൽ നിയോഗിച്ചിട്ടുണ്ട്. പമ്പാ പോലീസുമായി ചേർന്ന് വസ്തും പമ്പയിൽ ഉപേക്ഷിക്കുന്നവരെ കണ്ടുപിടിച്ച് താക്കീത് ചെയ്യുന്നതിനും ലംഘിക്കുന്നതിന്റെ ഭവിഷ്യത്തുകൾ മനസ്സിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രദർശന ബോർഡുകൾ, കൂടുതൽ തീർത്ഥാടകർ വരുന്ന സ്ഥലങ്ങളിൽ വാഹനം ഉപയോഗിച്ചുള്ള പരസ്യങ്ങൾ എന്നിവ നടത്തുന്നുണ്ട്. കൂടാതെ അയ്യപ്പൻമാർ ഉപേക്ഷിക്കുന്ന വസ്തുക്കൾ നീക്കം ചെയ്യുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ആവശ്യമായ തൊഴിലാളികളെ നിയോഗിക്കുകയും വസ്തും ഉപേക്ഷിക്കണമെന്നുള്ളവർക്ക് ഉപേക്ഷിക്കുന്നതിലേയ്ക്കായി പമ്പാ മണൽ പുറത്ത് ബിന്നുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബഹു. കേരള ഹൈക്കോടതിയുടെ 16-10-2015-ലെ വിധിന്യായം ലഭിച്ചതിനെ തുടർന്ന് തൻവർഷം ടി ഇനം ടെൻഡർ ചെയ്ത് നൽകിയിട്ടില്ലാത്തതാണ്. അയ്യപ്പ ഭക്തൻമാർ പമ്പാ നദിയിൽ വസ്തും ഉപേക്ഷിക്കുന്നത് തടയുക എന്നതാണ് തൻവർഷം സ്വീകരിച്ചിട്ടുള്ള നിലപാട്. വിലക്കുകളെ മറികടന്ന് ഉപേക്ഷിക്കപ്പെടുന്ന വസ്തും നീക്കം ചെയ്യുന്നതിന് പ്രത്യേക തൊഴിലാളികളെ നിയോഗിച്ചിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ശബരിമലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

149 (838) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മണ്ഡലകാല തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമലയിൽ ദേവസ്വം വകുപ്പു മുഖേന നടപ്പിലാക്കിയ പരിഷ്കാരങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി എത്ര രൂക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സന്നിധാനവും പരിസരവും മാലിന്യരഹിതമാക്കുന്നതിനുള്ള മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമല മാസ്റ്റർ പ്ലാൻ ഹൈപ്പവർ കമ്മിറ്റിയും മറ്റിതര സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ചുകൊണ്ട് താഴെ പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ പ്രാവർത്തികമാക്കുകയും ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികളും പ്രസാദ നിർമ്മാണ വിതരണം കുറ്റമറ്റരീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു.

2. ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ പിൽഗ്രിം സെന്ററുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ.

3. സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കൂടുതൽ താമസ സൗകര്യം.

4. താമസസൗകര്യത്തിനായി മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ ബുക്കിംഗ് സൗകര്യം.

5. ശബരിമല മാസ്റ്റർ പ്ലാൻ മുഖേന പുതുതായി ശബരിമലയിൽ 120 യൂണിറ്റ് കക്കൂസുകളുടെയും 34 കുളിമുറികളുടെയും നിർമ്മാണവും പമ്പയിൽ പഴയ കക്കൂസുകൾക്ക് പകരമായി പുനർനിർമ്മിച്ച ഓരോ യൂണിറ്റിലും 84 ടോയ്ലറ്റ് വീതമുള്ള രണ്ട് ടോയ്ലറ്റ് ബ്ലോക്കുകൾ. കൂടാതെ പരമ്പരാഗതപാതയിലും സ്വാമി അയ്യപ്പൻ റോഡിലും കൂടുതൽ ബയോയൂറിനൽ യൂണിറ്റുകളും സ്ഥാപിച്ചു.

6. പരമ്പരാഗത പാതയിലും സ്വാമി അയപ്പൻ റോഡിലും ഔഷധക്കുട്ടുകളിട്ട തിളപ്പിച്ച കുടിവെള്ളമുൾപ്പെടെയുള്ള ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ ലഭ്യമാക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

7. കുടിവെള്ള സംഭരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്കുകളും കൂടാതെ പ്രത്യേകം ട്രീറ്റ് ചെയ്ത ശുദ്ധജലം ശബരിമലയിലും പമ്പയിലും ലഭ്യമാക്കുന്ന ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

8. നിലയ്ക്കലിൽ രണ്ടിലധികം കഴൽ കിണറുകൾ സ്ഥാപിച്ച് പ്രവർത്തനയോഗ്യമാക്കി.

9. നിലയ്ക്കലിൽ ആവശ്യമായ ശുദ്ധജലം ടാങ്കർ ലോറികളിൽ വിതരണം ചെയ്യാനുള്ള നടപടികൾ.

10. തീർത്ഥാടകർക്ക് സന്നിധാനത്തും പമ്പയിലും മുഴുവൻ സമയവും അന്നദാനം നടത്തുന്നതിനുള്ള ക്രമീകരണം.

11. പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർലറുകളും അതിനോടനുബന്ധിച്ചുള്ള ഹെൽത്ത് കിയോസ്കുകളും, ഓക്സിജൻ പാർലറുകളുടെ എണ്ണവും വർദ്ധിപ്പിച്ചു.

12. അപ്പാച്ചിമേട് നീലിമല എന്നിവിടങ്ങളിലെ കാർഡിയോളജി സെന്ററുകളിൽ ഡോക്ടർമാരുടെ സേവനവും ആവശ്യമായ ഉപകരണങ്ങളും ഏർപ്പെടുത്തി.

13. അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾക്കു പുറമേ എൻ.എസ്.എസ്. ആശുപത്രി, ശ്രീ മാതാ അമൃതാനന്ദമയി മഠത്തിന്റെ നിയന്ത്രണത്തിനുള്ള ആശുപത്രി എന്നിവയും പ്രവർത്തിക്കുന്നു.

14. പ്രധാന വഴിപാട് ഇനങ്ങളായ അപ്പം, അരവണ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

15. കുറ്റമറ്റ രീതിയിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്കു പുറമെ മറ്റ് സന്നദ്ധ സംഘടനകളുടെ സേവനവും ഉറപ്പാക്കി കഴിഞ്ഞു.

16. പമ്പ ശബരിമല റൂട്ടിലും പമ്പ മുതൽ പ്ലാപ്പള്ളി വരെയും നിലയ്ക്കലിലും കൂടാതെ മറ്റ് വാഹന പാർക്കിംഗ് സ്ഥലങ്ങളിലും ആവശ്യമായ വെളിച്ച സംവിധാനം കെ.എസ്.ഇ.ബി. മുഖേനയും ആവശ്യമായ സ്ഥലങ്ങളിൽ ജനറേറ്ററുകൾ ഉപയോഗിച്ചും ഏർപ്പെടുത്തിയിട്ടുണ്ട്.

17. പരമ്പരാഗത പാതയിൽ വൈദ്യുതീകരണത്തിന് ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

18. നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ. നിലയ്ക്കലിൽ ചെറുതും വലുതുമായ പതിനായിരത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

19. കാനനപാതയിൽ കൂടുതൽ ബാരിക്കേടുകൾ

20 പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മറ്റും നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം.

21. കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.

22. സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു

23. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

24. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി.

25. പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾക്കു പുറമെ മരക്കൂട്ടം മുതൽ ശരംകുത്തിവരെ പുതിയ 6 കൃ കോംപ്ലക്സുകൾ സ്ഥാപിച്ചു.

(ബി) ദേവസ്വം ബോർഡ് ചെലവഴിച്ച തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ.

(സി) ഉണ്ട്. മാലിന്യനിർമ്മാർജ്ജനത്തിനായി സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വിമുക്ത ശബരിമല എന്ന ആശയം നടപ്പിലാക്കുന്നതിന് ജില്ലാ ഭരണകൂടവുമായും സർക്കാർ വകുപ്പുകളുമായി യോജിച്ച് എല്ലാ നടപടികളും തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുണ്യം പൂങ്കാവനം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ്

150 (839) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവതാംകൂർ ദേവസ്വം ബോർഡിൽ ഏതൊക്കെ തസ്തികകളിൽ നിലവിൽ എത്ര വീതം വേക്കൻസികൾ ഉണ്ട് എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly